**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3872** **17-03-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ചാണ്ടി ഉമ്മൻ</th><th colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാന പോലീസ് സേനയിലേക്കുള്ള സി.പി.ഒ. നിയമനം നടത്തുന്നതിനായി 14.04.2024-ൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയെന്ന് അറിയിക്കാമോ; എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളതെന്നും ഇതിന് എന്ന് വരെയാണ് കാലാവധിയെന്നും അറിയിക്കാമോ;</td><td>(എ)</td><td>1200 താത്കാലിക പോലീസ് കോൺസ്റ്റബിൾ പരിശീലന തസ്തികകൾക്കുള്ള തുടർ അനുമതി സർക്കാർ ഉത്തരവ് നമ്പർ (കൈ) 222/2024/ ആഭ്യന്തരം പ്രകാരം 15/10/2024-ൽ നൽകിയിട്ടുണ്ട്. ആയതു പ്രകാരം 01/01/2025 തീയതി വരെ ലഭ്യമായ എല്ലാ ഒഴിവുകളും, 01/07/2025 തീയതി വരെയുള്ള പ്രതീക്ഷിത ഒഴിവുകളും പി എസ് സി - യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സി.പി.ഒ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി 15/04/2024-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ നടത്തിയ നിയമനങ്ങളുടെ വിവരം താഴെ ചേർത്തിരിക്കുന്നു. 14/04/2025 വരെയാണ് ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി.<br><br>1 | എം .എസ് .പി | 434<br>2 | എസ് എ പി | 229<br>3 | കെ എ പി I | 223<br>4 | കെ എ പി II | 336<br>5 | കെ എ പി II | 262<br>6 | കെ എ പി IV | 351<br>7 | കെ എ പി V | 287</td></tr>
<tr><td>(ബി)</td><td>സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ റിട്ടയർമെന്റ് ഒഴിവുകളിൽ മാത്രം നിയമനം നടത്താനും സ്ഥാനക്കയറ്റം വഴിയുണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തേണ്ടതില്ലെന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;</td><td>(ബി)</td><td>ഇല്ല. സ്ഥാനക്കയറ്റം വഴി നിയമനം നടത്തേണ്ട എല്ലാ തസ്തികകളിലും നിയമനം നടത്തുന്നുണ്ട്.</td></tr>
<tr><td>(സി)</td><td>തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ സി.പി.ഒ. മാരുടെ എത്ര തസ്തികകളാണ് അനുവദനീയമായിട്ടുള്ളത്; ആയതിൽ നിലവിൽ എത്ര പേരുണ്ട്; നിലവിലെ അംഗസംഖ്യ</td><td>(സി)</td><td>സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ സി.പി.ഒ തസ്തികയിലെ അനുവദനീയ അംഗബലം 642 ആണ്. പ്രസ്തുത തസ്തികയിലെ നിലവിലെ അംഗബലം 792</td></tr>
</table>

| | | | |
|---|---|---|---|
| | കുറവായതിന്റെ കാരണങ്ങൾ വിശദമാക്കുമോ; ഇപ്രകാരം വേക്കൻസികൾ തടഞ്ഞു വയ്ക്കപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കുമോ; | | (483 സി.പി.ഒ + 309 റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾ) ആണ്. |
| (ഡി) | സംസ്ഥാന പോലീസ് സേനയിലെ അംഗബലം വർദ്ധിപ്പിച്ച് പോലീസുകാരുടെ ജോലിഭാരം കുറക്കാനും മാനസിക സംഘർഷം ലഘൂകരിക്കാനും നിലവിലെ സി.പി.ഒ. റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനങ്ങൾ നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കാമോ? | (ഡി) | നിലവിലെ സി.പി.ഒ. റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ